LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ സ്ഥലംമാറ്റം

82 [800] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ പ്രൊമോഷൻമൂലവും അല്ലാതെയുമുള്ള സ്ഥലംമാറ്റം 2004 ഏപ്രിൽ 15 വരെ നിർത്തിവയ്ക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കേരള വികസന പദ്ധതി നടത്തിപ്പ് സമയബന്ധിതമായി മാർച്ച് 31-നകം നടപ്പാക്കിയില്ലെങ്കിൽ പദ്ധതി വിഹിതം നഷ്ടപ്പെടുകയില്ലേ;

(സി) പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾക്ക് ചെക്കുകൾ നൽകേണ്ടതും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും സെക്രട്ടറിമാരായതിനാൽ സെക്രട്ടറിമാരുടെ സ്ഥലംമാറ്റങ്ങൾ ഏപ്രിൽ 15 വരെ നിറുത്തിവയ്ക്കാൻ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നഷ്ടപ്പെടും. സ്പിൽ ഓവർ അനുവദിക്കില്ല.

(സി) ഇക്കാര്യം സർക്കാർ ആലോചിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ

83 [801] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുവേണ്ടി ആകെ എത്ര കോടി രൂപ സമാഹരിച്ചുവെന്നും ഏത് വർഷമാണ് ഈ തുക സമാഹരിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ആരുടെ അക്കൗണ്ടിലാണ് ഈ തുക നിക്ഷേപിച്ചിരിക്കുന്നതെന്നും നാളിതുവരെ എന്ത് തുക പലിശയിനത്തിൽ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ നടപടിമൂലം സർക്കാർ ഖജനാവിന് എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ;

(ഡി) പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വിതരണം ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?